# 32

# രാജ്യത്തിന്റെ കൂടുതൽ ഉപമകൾ
## (13:24- 52)

യേശുവിന്റെ കേൾവിക്കാർക്ക് പരിചയവും തികച്ചും വ്യക്തവുമായവയായിരുന്നു യേശു പിന്നീട് ഉപയോഗിച്ച രാജ്യത്തിന്റെ ഉപമകൾ.

### സ്വർഗ്ഗരാജ്യത്തെക്കുറിച്ച് വേറെ മൂന്ന് ഉപമകൾ (13:24-33)

**കളകൾ** (13:24–30)

**24അവൻ മറ്റൊരു ഉപമ അവർക്കു പറഞ്ഞുകൊടുത്തു: "സ്വർഗ്ഗരാജ്യം ഒരു മനുഷ്യൻ തന്റെ നിലത്തു നല്ല വിത്തു വിതെച്ചതിനോടു സദൃശമാകുന്നു. 25മനുഷ്യർ ഉറങ്ങുമ്പോൾ അവന്റെ ശത്രു വന്നു, കോതമ്പിന്റെ ഇടയിൽ കള വിതെച്ചു പൊയ്ക്കളഞ്ഞു. 26ഞാറു വളർന്നു കതിരായപ്പോൾ കളയും കാണായ്‌വന്നു. 27അപ്പോൾ വീട്ടുടയവന്റെ ദാസന്മാർ അവന്റെ അടുക്കൽ ചെന്നു: 'യജമാനനേ, വയലിൽ നല്ലവിത്തല്ലയോ വിതെച്ചതു? പിന്നെ കള എവിടെനിന്നു വന്നു എന്നു ചോദിച്ചു.' 28'ഇതു ശത്രു ചെയ്തതാകുന്നു!' എന്നു അവൻ അവരോടു പറഞ്ഞു. 'ഞങ്ങൾ പോയി അതു പറിച്ചു കൂട്ടുവാൻ സമ്മതമുണ്ടോ?' എന്നു ദാസന്മാർ അവനോടു ചോദിച്ചു. 29അതിനു അവൻ: 'ഇല്ല, പക്ഷേ കളപറിക്കുമ്പോൾ കോതമ്പുകൂടെ പിഴുതു പോകും. 30രണ്ടും കൂടെ കൊയ്ത്തോളം വളരട്ടെ; "കൊയ്തു കാലത്തു ഞാൻ കൊയ്യുന്നവരോട് മുമ്പെ കള പറിച്ചുകൂട്ടി ചുട്ടുകളയേണ്ടതിനു കെട്ടുകളായി കെട്ടുവാനും കോതമ്പു എന്റെ കളപ്പുരയിൽ കൂട്ടിവെപ്പാനും കല്പിക്കും എന്നു പറഞ്ഞു." ' "**

**വാക്യം 24.** കർത്താവ് പടകിൽ ഉപദേശിച്ച രംഗത്തിലേക്ക് മത്തായി മടങ്ങിവന്നു (13:1, 2). വിതക്കാരന്റെ സംഭവം പറഞ്ഞശേഷം (13:3–9), **യേശു** പുരുഷാരത്തോട് **മറ്റൊരു ഉപമ പറഞ്ഞു** (13:31, 33 നോക്കുക). ഈ അദ്ധ്യായത്തിലെ മറ്റ് ഉപമകൾ പോലെ, ഇത് **സ്വർഗ്ഗരാജ്യത്തോട്** ബന്ധപ്പെട്ടതാണ് (13:31, 33, 44, 45, 47). ഈ ഉപമയിലെ വീട്ടുടയവൻ തന്റെ വയലിൽ **നല്ല വിത്താണ് വിതച്ചത്**; വാക്യം 25 സൂചിപ്പിക്കുന്നത്, അത് "കോതമ്പ്" ആയിരുന്നു എന്നാണ്. അവൻ നല്ല വിത്തു വിതച്ചതിനാൽ, നല്ല വിളവ് പ്രതീക്ഷിച്ചിരുന്നു എങ്കിലും, അവിടെ അത് ഉണ്ടായില്ല.

**വാക്യം 25.** ദാസന്മാർ ഉറങ്ങി എന്നു പറഞ്ഞതിനാൽ, അവർ അലസരായിരുന്നു എന്നു കരുതരുത്; അവർ രാത്രിയിൽ **ഉറങ്ങുക**മാത്രമായിരുന്നു. അവർ ഉറങ്ങിയപ്പോൾ വിതച്ച വയൽ നാശമാക്കി വിളവെടുപ്പ് മോശമാക്കുവാൻ **ശത്രുവിനെ** അനുവദിക്കുകയായിരുന്നു. കളകൾ എന്ന് പറഞ്ഞിരിക്കുന്നത് **ഹാനികരമായ** ചെടികളാണ്, അതിനെ "ഡാർനൽ" എന്ന് വിളിച്ചിരിക്കുന്നു (എൻഇബി നോക്കുക), അത് പുരാതന പൂർവ്വ ദിക്കുകളിൽ ധാരാളം വളർന്നി

രുന്നു. ആ പ്രത്യേക ചെടിയെ “ബിയേഡഡ് ഡാർനൽ,” എന്ന് പറഞ്ഞത് കോതമ്പ് എന്ന പോലെ തോന്നിക്കുന്ന വരക് ചെടിയായിരുന്നു. കോതമ്പോടുകൂടി കള വളർന്നാൽ അത് ഒരു കർഷകനെ അലോസരപ്പെടുത്തുന്നതാണ്.

യേശുവിന്റെ കാലത്ത് ശത്രുവിന്റെ വയലിൽ കള വിതക്കുക എന്നത് പ്രതികാരവും ദുഷ്ടതയും ഉള്ളതായിരുന്നു, അതിനെ റോമാ നിയമം വിലക്കിയിരുന്നു.[1] ആ സംഭവം കേട്ടപ്പോൾ - ഉപമയിലെ വസ്തുത തീർച്ചയായും അവരെ അമ്പരപ്പിച്ചില്ല.

**വാക്യങ്ങൾ 26–28. കോതമ്പ് വിതച്ച് മുള വന്നപ്പോൾ, വയലിൽ കളയും കാണായ് വന്നു അവരുടെ ആദ്യ പുരോഗതിയിൽ കളകളെ കോതമ്പിൽ നിന്നു** വേർതിരിച്ചറിയുവാൻ കഴിഞ്ഞില്ല. എങ്ങനെയായാലും. വിളവറിയാവുന്നവർക്ക്, തലയെടുപ്പ് വന്നപ്പോൾ വ്യത്യാസം അറിയുവാൻ കഴിഞ്ഞു. കളകൾ വരുന്നത് അസാധാരണമായിരുന്നില്ല. പക്ഷെ അത്യധികമായി തീരുന്നത് **ദാസൻമാരെ** അതിശയിപ്പിച്ചു. ആ വിവരം അവർ തങ്ങളുടെ യജമാനനെ അറിയിച്ചു, **വീട്ടുടയവൻ** (*ഓയിക്കോഡസ്പോറ്റെസ്*), സംഭവിച്ചത് ഉടനെ മനസിലാക്കുകയും, “**ശത്രു ചെയ്തതാകുന്നു**!” ദാസന്മാർ അവ പറിച്ചു കളയുവാൻ ആഗ്രഹിച്ചു, എന്നാൽ കോതമ്പിനു കുഴപ്പം വരാതെ പറിച്ചു കളയുവാൻ സാദ്ധ്യമല്ലാ എന്ന് യജമാനനു അറിയാമായിരുന്നു. അപ്പോഴേക്കും, രണ്ടു ചെടികളുടേയും വേരുകൾ ഇടകലർന്നു വളർന്നിരുന്നതിനാൽ, കളപിഴുതെടുക്കുമ്പോൾ കോതമ്പും വേരോടെ പറിഞ്ഞു പോകും.

**വാക്യങ്ങൾ 29, 30.** വീട്ടുടയവൻ സ്വീകരിച്ച പരിഹാരം ബുദ്ധിയുള്ളതായിരുന്നു. **കോതമ്പും കളയും** വിളവെടുപ്പുവരെ വളരട്ടെ എന്നു അവൻ തന്റെ ദാസന്മാരോടു പറഞ്ഞു. **വിളവെടുപ്പു സമയത്ത്,** നല്ല കൊയ്ത്തുകാർ രണ്ടും വേർപെടുത്തും. കളകൾ പിന്നെ കൂട്ടി തീയിലിട്ട് ചുട്ടു കളകയും, കോതമ്പു വീട്ടുടയവന്റെ കളപ്പുരയിൽ കൂട്ടിവെക്കുകയും ചെയ്യും (3:12; 6:26 നോക്കുക).

കളകളിൽനിന്ന് കോതമ്പിനെ വേർതിരിക്കുന്ന മുന്നു രീതികൾ ലഭ്യമായിരുന്നു. (1) കോതമ്പ് വളർന്ന് കളകളേക്കാൾ മുകളിൽ നിൽക്കുമ്പോൾ, അതിനെ മുകളിൽനിന്ന് കൊയ്യാം, പിന്നെ വയൽ കത്തിച്ചു കളയുകയും ചെയ്യും (2) കൊയ്തെടുക്കുമ്പോൾ കളകളേയും കോതമ്പിനേയും മാറ്റിയെടുക്കാം. കോതമ്പ് ശേഖരിച്ച് കൂട്ടിവെക്കുകയും, കളകളെ കൂട്ടിയിട്ട് കത്തിക്കുകയും ചെയ്യാം. (3) നല്ല ഉൽപാദനം ലഭിക്കുന്നതിനു മുമ്പ് നല്ല ചെടികളും മോശമായ ചെടികളും തമ്മിൽ വേർതിരിക്കാം. ഈ രീതി ഉപമയിലെ ദാസന്മാർക്കു ചെയ്യാവുന്നതാണ്.

യേശു ഈ ഉപമ പിന്നീട്, വിതക്കാരന്റെ ഉപമപോലെ വിശദികരിച്ചു കൊടുത്തു (13:36–43).

### കടുകുമണി (13:31, 32)

**31മറ്റൊരു ഉപമ അവൻ അവർക്കു പറഞ്ഞു കൊടുത്തു: “സ്വർഗ്ഗരാജ്യം കടുകുമണിയോടു സദൃശം; അതു ഒരു മനുഷ്യൻ എടുത്തു തന്റെ വയലിൽ ഇട്ടു. 32അതു എല്ലാ വിത്തിലും ചെറിയതെങ്കിലും വളർന്നു സസ്യങ്ങളിൽ ഏറ്റവും വലുതായി, ആകാശത്തിലെ പറവകൾ വന്നു അതിന്റെ കൊമ്പുകളിൽ വസിപ്പാൻ തക്കവണ്ണം വൃക്ഷമായി തീരുന്നു.”**

**വാക്യങ്ങൾ 31, 32. അടുത്ത ഉപമയിൽ, സ്വർഗ്ഗ രാജ്യത്തെ കടുകുമണി**

**യോട്** ഉപമിച്ചിരിക്കുന്നു. ഈ വിത്ത് അക്ഷരീകമായി മറ്റെല്ലാ വിത്തുകളേക്കാളും ചെറുതല്ല, എന്നാൽ വിത്തുണ്ടാകുന്ന "ഔഷധ" ചെടികളിൽ എറ്റവും ചെറുതാണ്. അലങ്കാര വാഴയുടേയും, സൈപ്രസ് മരത്തിന്റേയും, വിത്തുകൾ വളരെ ചെറുതാണ്. യേശു കടുകുമണിയെ മറ്റു വിത്തുകളോട് ഉപമിക്കുകയായിരുന്നില്ല, പക്ഷെ പാലസ്തീനിൽ മാത്രം കണ്ടുവരുന്ന ഔഷധ വിത്തിനെയാണ് ഉപമിച്ചത്. പഴമൊഴി അനുസരിച്ച് കടുകുമണിയുടെ വിത്ത് വളരെ ചെറുതാണ് ("കടുകുമണിയുടെ വലിപ്പം").[2] മറ്റു സമയത്ത് തന്റെ ഉപദേശങ്ങളിൽ, യേശു ഈ ചിത്രീകരണം ഉപയോഗിച്ചിരുന്നു (17:20; ലൂക്കൊ. 17:6).

പാലസ്തീനിലെ വരണ്ട കാലാവസ്ഥയിൽ പ്രത്യേകമായി വളരുന്ന ചെടിയായിരുന്നു കടുകുമണി. കടൽക്കരയിൽ അത് വിവിധ രീതിയിൽ വളർന്നിരുന്നു, മറ്റു പ്രദേശങ്ങളിൽ അവ കൃഷിചെയ്ത് ഉപയോഗിച്ചിരുന്നു, അത് **ഒരു വൃക്ഷം** പോലെ വലുതായി തീർന്നിരുന്നു.[3] ഡബ്ലിയു. എഫ്. ആൾബ്രൈറ്റും സി. എസ്സ്. മാനും എഴുതി, "ഗലീല കടലിൽനിന്ന് പത്തടി ഉയരത്തിൽ സാധാരണ കടുകു ചെടി വളർന്നിരുന്നു."[4] വളരെ ശ്രദ്ധിച്ചാൽ, അത് പതിനഞ്ച് അടിയോളം ഉയരത്തിൽ വളരും. ഈ തരത്തിലുള്ള കടുകു ചെടിയുടെ കൊമ്പുകൾ അയവില്ലാതെ വളരുന്നതിനാൽ, വർഷത്തിൽ ചില സമയത്ത് **പക്ഷികൾ**, അതിന്മേൽ കൂടു കൂട്ടും.

കടുകുമണി ചെടിയെ "ഒരു വൃക്ഷം," എന്നു പറഞ്ഞിരിക്കുന്നത് പഴയനിയമത്തിൽ രാജ്യങ്ങളും വൃക്ഷങ്ങളുമായിട്ടുള്ള ബന്ധത്തെ അതിശയോക്തിപരമായി പറഞ്ഞിരിക്കുന്നതുപോലെയാണ്. ഉദാഹരണത്തിന് യെഹസ്കേലിൽ, ദൈവം ദേവദാരു വൃക്ഷത്തിന്റേയും ചെടിയുടേയും ഒരു ശാഖയെടുത്ത് ഉയർന്ന പർവ്വതത്തിൽ ദൈവം നടുന്നു. അത് "ഒരു ദേശത്തിന്റെ ദേവദാരു" ആയിതീരുകയും, അതിന്റെ കൊമ്പുകളിൽ പക്ഷികൾ കൂടുകൂട്ടുകയും ചെയ്യുന്നു (യെഹെ. 17:22–24; 31:2–18; ദാനി. 4:10–12, 19–22).

കടുകുമണിയെപോലെ, സ്വർഗ്ഗരാജ്യം ചെറുതായി ആരംഭിക്കയും അത് ക്രമേണ വലുതായി തീരുകയും ചെയ്യും. പന്ത്രണ്ട് അപ്പോസ്തലന്മാരോടു കൂടിയാണ് തുടങ്ങിയത്, എന്നാൽ രാജ്യം അവസാനം വ്യാപിച്ച് ഭൂമിയിൽ എല്ലായിടവും എത്തി (28:19; മർ. 16:15). ജാതികളുടെ പ്രാധാന്യം വെളിപ്പെടുത്തുവാൻ യെഹൂദാ സാഹിത്യങ്ങളിൽ ചിലപ്പോൾ സ്വർഗ്ഗീയ പക്ഷികളെ ഉപയോഗിച്ചിട്ടുണ്ട്.[5]

**പുളിപ്പ് (13:33)**

**33അവൻ മറ്റൊരു ഉപമ അവരോടു പറഞ്ഞു: "സ്വർഗ്ഗരാജ്യം പുളിച്ച മാവിനോടു സദൃശം; അതു ഒരു സ്ത്രീ എടുത്തു മൂന്നു പറ മാവിൽ എല്ലാം പുളിച്ചുവരുവോളം അടക്കിവെച്ചു."**

**വാക്ക്യം 33.** അപ്പം ഉണ്ടാക്കുവാൻ ഉപയോഗിക്കുന്ന വസ്തുവാണ് **പുളിപ്പ്.** അത് അതിനുള്ളിൽ തന്നെ പ്രവർത്തിക്കുന്നു. പുതിയ നിയമ കാലത്ത്, **സത്രീകൾ** പലപ്പോഴും അൽപ്പം പുളിപ്പ് ചേർത്താണ് അപ്പം ഉണ്ടാക്കുന്നത്. കൂടുതൽ അപ്പം ഉണ്ടാക്കുവാൻ, അവർ പുതിയ അപ്പം ഉണ്ടാക്കുവാൻ, പഴയ പുളിമാവ് ചേർക്കുകയാണ് പതിവ് (1 കൊ. 5:6 നോക്കുക).[6] **മൂന്ന് പൗണ്ട് മാവ്** (ഏതാണ്ട് എട്ട് ഗ്യാലൻ) കൊണ്ട് നൂറുപേർക്ക് വേണ്ട മാവുണ്ടാ

കുമെന്നു കണക്കാക്കപ്പെട്ടിരിക്കുന്നു.[7]

തിരുവെഴുത്തുകളിൽ പുളിപ്പ് ദുഷ്ടതയുടെ സ്വാധീനമായി പലപ്പോഴും ബന്ധപ്പെടുത്തിയിരിക്കുന്നു (16:6-12; ലൂക്കൊ. 12:1; 1 കൊ. 5:6-8; ഗലാ. 5:9). പെസഹാ ആചരിക്കുന്നതിനു മുമ്പ്, യെഹൂദന്മാർ അവരുടെ വീടുകളിൽ നിന്ന് പുളിച്ചമാവെല്ലാം നീക്കി കത്തിച്ചു കളയണമായിരുന്നു. കൂടാതെ, ദൈവാലയത്തിൽ കൊണ്ടുവരുന്ന ധാന്യ നേർച്ചകളിൽ ഒന്നിലും പുളിപ്പ് പാടില്ലായിരുന്നു (ലേവ്യ. 6:14-18). ഇവിടെ യേശു ദുഷ്ടതയുടെ സ്വാധീനമായിട്ടല്ല പറഞ്ഞിരിക്കുന്നത്, കാരണം ലോകത്തിൽ സ്വർഗ്ഗരാജ്യം ക്രിയാത്മകമായ സ്വാധീനമാണ് ചെലുത്തുന്നത്.

ഈ ഉപമയുടെ വിശദീകരണം യേശുക്രിസ്തു നൽകിയിട്ടില്ല, അതിന്റെ ഉദ്ദേശം രാജ്യത്തിന്റെ, സഭയുടെ വ്യാപ്തി ലോകം മുഴുവാൻ ആക്കുന്നതിനെയാണ് കാണിക്കുന്നത്. ഒരിക്കലത് ഔപചാരികമായി, പെന്തെക്കോസ്ത് നാളിൽ സ്ഥാപിച്ചു കഴിഞ്ഞാൽ അതിന്റെ സ്വാധീന ശക്തിയെ റോമാ സാമ്രാജ്യം മുഴുവൻ ഉടൻ വ്യാപിക്കും (റോമർ. 10:18; കൊലൊ. 1:23). മാവിൽ ഒളിഞ്ഞിരിക്കുന്ന പുളിപ്പു പോലെ, സ്വർഗ്ഗരാജ്യം ആരംഭത്തിൽ ആരും ശ്രദ്ധിക്കുന്നതിനു മുമ്പുതന്നെ തുടങ്ങുന്നു. എന്നാൽ അത് വ്യാപിക്കുമ്പോൾ, അതിന്റെ സ്വാധീന ശക്തി കാണുവാൻ കഴിയും.

## ഒരു ഇടവേള (13:34-43)

### ഉപമകളുടെ ഉദ്ദേശം (13:34, 35)

**34ഇതു ഒക്കേയും യേശു പുരുഷാരത്തോട് ഉപമകളായി പറഞ്ഞു; ഉപമ കൂടാതെ അവരോട് ഒന്നും പറഞ്ഞില്ല: 35"ഞാൻ ഉപമ പ്രസ്താവിപ്പാൻ വായ് തുറക്കും; ലോകസ്ഥാപനം മുതൽ ഗൂഢമായതു ഉച്ചരിക്കും" എന്നു പ്രവാചകൻ പറഞ്ഞതു നിവർത്തിയാകുവാൻ സംഗതിവന്നു.**

**വാക്യം 34.** ക്രിസ്തു എല്ലായിപ്പോഴും ഉപമകളിൽ സംസാരിച്ചില്ല, എന്നാൽ ഇപ്പോൾ അവൻ അങ്ങനെയാണ് സംസാരിച്ചത്. മത്തായി തന്റെ പോയിന്റ് ഊന്നിപറയുവാൻ ഈ സത്യം ക്രിയാത്മകമായും നിഷേധാത്മകമായും മത്തായി അവതരിപ്പിച്ചു: **ഇവയെല്ലാം യേശു ഉപമകളായി പുരുഷാരത്തോട് സംസാരിച്ചു, ഉപമകൾ കൂടാതെ അവൻ അവരോട് ഒന്നും സംസാരിച്ചില്ല** (യോഹ. 1:3 താരതമ്യം ചെയ്യുക).

**വാക്യം 35.** ഈ അദ്ധ്യായത്തിൽ ഒരിക്കൽകൂടെ, ഉപമകളുടെ ഉദ്ദേശം യേശു വ്യക്തമാക്കി. ഇതിനു മുമ്പ്, ശിഷ്യന്മാരുടെ ചോദ്യത്തിനു യേശു ഉത്തരം പറഞ്ഞതായിട്ടാണ് മത്തായി രേഖപ്പെടുത്തിയത് (13:10-17). ഇവിടെ, യേശുവിന്റെ പരിശീലനത്തെ മത്തായി പ്രശംസിക്കുകയാണ്. പഴയ നിയമ പ്രവചന നിവർത്തീകരണമായിട്ടാണ് ആ ഉപദേശത്തെ അവൻ ഊന്നി പറഞ്ഞിരിക്കുന്നത്. **ഇത് പ്രവാചകൻ മുഖാന്തരം അരുളിചെയ്തത് നിവൃത്തിയാകുന്നു** എന്ന പ്രസ്താവന സുവിശേഷത്തിലെ മുഖ്യ വിഷയമായി തുടരുന്നു (1:22 ന്റെ പരാമർശം നോക്കുക).[8]

സങ്കീർത്തനങ്ങൾ 78, ൽ നിന്ന്, യേശു ഉദ്ധരിച്ചത് പാരമ്പര്യമായ ആസാഫിന്റെ മേലെഴുത്തായിരുന്നു. ദാവീദിന്റെ മുഖ്യ സംഗീതജ്ഞനായിരുന്നു

ആസാഫ്, അവനെ “ദർശകൻ” എന്നും വിളിച്ചിരുന്നു (1 ദിന. 16:4–7; 25:1, 2; 2 ദിന. 29:30). അത് വാക്യം 35 ലെ “പ്രവാചകൻ” എന്നതിനോട് ഒക്കുന്നു.[9] സങ്കീർത്തനങ്ങൾ 78-ൽ “ആസാഫ് യിസ്രായേലിന്റെ ചരിത്രത്തിലേക്ക് തിരഞ്ഞെടുക്കപ്പെട്ട ദേശത്തിന്റെ മുൻകാല പരാജയങ്ങളെ ഓർക്കുവാൻ തന്റെ സദസ്യരെ ആഹ്വാനം ചെയ്യുകയായി [രുന്നു].”[10]

പ്രത്യേകമായി, സങ്കീർത്തനങ്ങൾ 78:2 ഉദ്ധരിച്ചുകൊണ്ടാണ് ഉപമ സംസാരിച്ചത്. ആദ്യത്തെ വരിയായ “ലോകസ്ഥാപനം മുതൽ മറഞ്ഞു കിടന്ന കാര്യങ്ങളെ ഞാൻ സംസാരിക്കും,” എന്നത് സ്വതന്ത്രമായ തർജ്ജിമയാണ്.[11] ഈ ഉദ്ധരണിയിൽ മത്തായിയുടെ പ്രായോഗികത “നിറഞ്ഞു കിടന്ന കാര്യങ്ങൾ” യേശു മുമ്പ് പറഞ്ഞ “രാജ്യത്തിന്റെ മർമ്മമായിരുന്നു” (13:11; 1 കൊരി. 2:7–10; എഫേ. 1:3–14; 3:9; കൊലൊ. 2:2,3).

**കളയുടെ ഉപമ വിശദീകരിക്കൽ (13:36–43)**

**36അനന്തരം യേശു പുരുഷാരത്തെ പറഞ്ഞയച്ചിട്ടു വീട്ടിൽ വന്നു, ശിഷ്യന്മാർ അവന്റെ അടുക്കൽ ചെന്നു: “വയലിലെ കളയുടെ ഉപമ തെളിയിച്ചുതരേണം എന്നു അപേക്ഷിച്ചു.” 37അതിനു അവൻ ഉത്തരം പറഞ്ഞതു: 38“നല്ല വിത്തു വിതെക്കുന്നവൻ മനുഷ്യപുത്രൻ; വയൽ ലോകം; നല്ലവിത്ത് രാജ്യത്തിന്റെ പുത്രന്മാർ; കള ദുഷ്ടന്റെ പുത്രന്മാർ; 39അതു വിതെച്ച ശത്രു പിശാചു; കൊയ്തു ലോകാവസാനം; 40കൊയ്യുന്നവർ ദൂതന്മാർ കളകൂട്ടി തീയിൽ ഇട്ടു ചുടും പോലെ ലോകാവസാനത്തിൽ സംഭവിക്കും. 41മനുഷ്യപുത്രൻ തന്റെ ദൂതന്മാരെ അയക്കും; അവർ അവന്റെ രാജ്യത്തിൽ നിന്നു എല്ലാ ഇടർച്ചകളെയും അധർമ്മം പ്രവർത്തിക്കുന്നവരെയും കൂട്ടിച്ചേർത്തു 42തീച്ചൂളയിൽ ഇട്ടുകളയും, അവിടെ കരച്ചലും പല്ലുകടിയും ഉണ്ടാകും. 43 അന്നു നീതിമാന്മാർ തങ്ങളുടെ പിതാവിന്റെ രാജ്യത്തിൽ സൂര്യനെപ്പോലെ പ്രകാശിക്കും. ചെവിയുള്ളവൻ കേൾക്കട്ടെ.”**

**വാക്യം 36**. യേശു പുരുഷാരത്തെ വിട്ടു **വീട്ടിലേക്കു** മടങ്ങിപ്പോയി (13:1). അത് സംഭവിച്ചത് കഫർന്നഹൂമിലായിരുന്നു, ഒരുപക്ഷേ പത്രൊസിന്റെ വീട്ടിലായിരുന്നേക്കാം, അല്ലെങ്കിൽ, അറിയപ്പെടാത്ത ഒരു ശിഷ്യന്റെ വീട്ടിലായിരുന്നേക്കാം (4:13 നോക്കുക). ആ സമയത്ത്, **അവന്റെ ശിഷ്യന്മാർ** അവനെ സമീപിച്ച്, **കളയുടെ ഉപമ** ഞങ്ങൾക്കു പറഞ്ഞു തരേണമെന്നു ആവശ്യപ്പെട്ടു (13:24–30 നോക്കുക).

**വാക്യങ്ങൾ 37–39.** ഈ വാക്യങ്ങളിൽ, യേശു ഉപമയിലെ മുഖ്യ ഘടകങ്ങളേയും ദൃഷ്ടാന്തപരമായ അതിന്റെ സ്വഭാവത്തേയും കാണിച്ചു കൊടുത്തു.

1. “**നല്ല വിത്ത് വിതക്കുന്നവൻ മനുഷ്യപുത്രൻ.**” വിതക്കുന്നവന്റെ ഉപമ വിശദീകരിക്കുന്നതിൽ (13:18–23), വിതക്കുന്നവനെ തിരിച്ചറിയിച്ചിട്ടില്ല; എന്നാൽ യേശു ഇവിടെ, വിതെക്കുന്നവനായി “മനുഷ്യ പുത്രനെ” എടുത്തു കാണിക്കുന്നു.

2. “**വയൽ ലോകമാണ്.**” ഇത് സ്വർഗ്ഗരാജ്യത്തെക്കുറിച്ചുള്ള ഉപമ ആയതിനാൽ, ചിലർ വിചാരിക്കുന്നത് നല്ല വിത്ത് വിതെക്കുന്ന “വയൽ” സഭയെയാണ് പ്രതിനിധീകരിക്കുന്നത് എന്നത്രേ. എങ്ങനെയായാലും, യേശു തുറന്നു പറഞ്ഞത് “വയൽ ലോകമാകുന്നു,” നീതിമാന്മാരും ദുഷ്ടന്മാരും അടങ്ങുന്ന

സ്ഥലം.

3. "**നല്ല വിത്ത് ... രാജ്യത്തിന്റെ പുത്രന്മാർ ആകുന്നു.**" "നല്ല വിത്ത്" വിതക്കാരന്റെ ഉപമയിലേതുപോലെ (13:19); "രാജ്യത്തിന്റെ വചനം" അല്ല. ഇവിടെ അത് പ്രതിനിധീകരിക്കുന്നത് "രാജ്യത്തിന്റെ പുത്രന്മാർ ആയിട്ടാണ്." മത്തായി 8:12-ൽ, "രാജ്യത്തിന്റെ പുത്രന്മാർ" എന്ന് പറഞ്ഞിരിക്കുന്നത് രാജ്യ ത്തിന്റെ പാരമ്പര്യ അവകാശികളായിരുന്ന യഹൂദന്മാരെയാണ്, എന്നാൽ അവർ അതിനെ തള്ളിക്കളഞ്ഞു. ഇവിടെ ആ പ്രയോഗം നടത്തിയിരിക്കുന്നത് യേശുവിന്റെ വിശ്വസ്ത ശിഷ്യരെയാണ്, അവരാണ് വാസ്തവത്തിൽ ദൈവ രാജ്യത്തിൻെറ അവകാശികൾ.

4. "**കളകൾ ദുഷ്ടന്റെ പുത്രന്മാർ അത്രേ.**" അവർ സാത്താന്റെ അനു യായികളാണ്. രണ്ട് വ്യത്യസ്ത രീതിയിലുള്ള "പുത്രന്മാരെ" ആണ് യേശു ഇവിടെ വേർതിരിച്ചു കാണിക്കുന്നത്: ഒന്ന്, രാജ്യത്തിന്റെ പുത്രൻ അല്ലെങ്കിൽ പിശാചിന്റെ പുത്രൻ.

5. "**അവയെ വിതച്ച ശത്രു പിശാചാകുന്നു.**" സാത്താനെ വിവരിച്ചിരിക്കു ന്നത് "ശത്രു" ആയിട്ടാണ് (ലൂക്കൊ. 10:19; 1 പത്രൊ. 5:8). അവൻ തുടർച്ചയായി ദൈവ ജനത്തെ നശിപ്പിക്കേണ്ടതിനു, സൂത്രം ആരാഞ്ഞുകൊണ്ടിരിക്കയാണ്.

6. "**കൊയ്ത്ത് ലോകാവസാനം.**'' "കൊയ്ത്ത്" പലപ്പോഴും തിരുവെഴു ത്തുകളിൽ, ന്യായവിധിയുടെ രൂപകാലങ്കാരമായിട്ടാണ് പറഞ്ഞിരിക്കുന്നത്. "അവസാനം" (*സൺറ്റേലെയിയ*) എന്നത് "തികക്കൽ," അല്ലെങ്കിൽ "പൂർത്തീ കരണം" (13:40, 49; 24:3; 28:20 നോക്കുക). "രാജ്യത്തിന്റെ പുത്രന്മാർ" ഈ ലോകത്തിൽ അവസാന ന്യായവിധി വരെ "ദുഷ്ടന്റെ പുത്രന്മാരോടുകൂടി" ആണ് ജീവിക്കുന്നത്.

7. "**കൊയ്യുന്നവർ ദൂതന്മാർ.**" ദൈവത്തിന്റെ ന്യായവിധി നടത്തുന്ന ഏജന്റുമാരായിട്ടാണ് തിരുവെഴുത്തിലെ മറ്റുഭാഗങ്ങളിൽ ദൂതന്മാരെക്കുറിച്ച് പറഞ്ഞിരിക്കുന്നത് (24:31; വെളി. 14:14-20).

**വാക്യങ്ങൾ 40-42.** ഈ സമയത്ത്, കളകളുടെ അന്തിമാവസ്ഥയെയും, ചേർത്ത് **തീയിലിട്ട് ചുട്ടുകളയുന്നതും** ദുഷ്ടന്റെ പുത്രന്മാരെയും **ലോകാവ സാനത്തിൽ** ന്യായം വിധിക്കുന്നതിനെയുമാണ് യേശു ശക്തമായി പറയുന്നത്. കർത്താവ് കൊയ്ത്തിന് മടങ്ങി വരുമ്പോൾ, അവൻ തന്റെ **ദൂതന്മാരെ അയച്ച്** (16:27; 2 തെസ്സ. 1:7) **തന്റെ രാജ്യത്തെ** - അല്ലെങ്കിൽ "ലോകത്തെ" - **എല്ലാ ഇടർച്ചകളേയും അധർമ്മം പ്രവർത്തിക്കുന്നവരേയും** കൂട്ടിച്ചേർക്കും. ഈ ദുഷ്ടരായ എല്ലാവരേയും ചേർത്ത് **തീപ്പൊയ്കയിലേക്ക് തള്ളിയിടും** (ദാനി. 3:6; വെളി. 20:10, 14, 15). തീപൊയ്ക നരകത്തെ അല്ലെങ്കിൽ, "ഗെഹെന്ന" (*ഗെഹെന്നാ*) കെടാത്ത തീയുള്ള സ്ഥാനമാണ്, "നിത്യാഗ്നി" (25:41; മർ. 9:44 നോക്കുക). മത്തായിയിൽ തീ ഉപയോഗിച്ചിരിക്കുന്നത് ന്യായവിധിയെ സൂചിപ്പിച്ചുകൊണ്ടാണ് (3:10; 5:22; 7:19; 13:40, 42; 18:8, 9; 25:41). അഭക്തർക്കുള്ള സ്ഥാനം യാതനാസ്ഥലമാണ്, **അവിടെ പല്ലുകടിയും കരച്ചലുമാണ്** (8:12; 22:13).

**വാക്യം 43.** ശുഭാപ്തിവിശ്വാസത്തോടെയുള്ള ഒരു കുറിപ്പുമായാണ് യേശു ന്യായവിധിയെ കുറിച്ചുള്ള ചിന്തോദ്ദീപകമായ ഉപമ അവസാനിപ്പിക്കു ന്നത്: "**പിന്നെ നീതിമാന്മാർ അവരുടെ പിതാവിന്റെ രാജ്യത്തിൽ സൂര്യനെ പോ ലെ പ്രകാശിക്കും**" (25:34; 1 കൊ. 15:24 നോക്കുക). നിത്യ നഗരത്തിൽ, നീ തിമാന്മാർ "സൂര്യനെ പോലെ" ശോഭിക്കും (ദാനി. 12:3; വെളി. 21:23; 22:5). പി ന്നെ യേശു തന്റെ ശ്രോതാക്കളെ മുന്നറിയിച്ചു, "**ചെവിയുള്ളവൻ കേൾക്ക**

ട്ടു" (13:9 ന്റെ പരാമർശം നോക്കുക).

## സ്വർഗരാജ്യത്തെ കുറിച്ച്
## മൂന്നു ഉപമകൾ കൂടെ (13:44-50)

### ഒളിച്ചു വെച്ച നിധി (13:44)

**44"സ്വർഗരാജ്യം വയലിൽ ഒളിച്ചുവെച്ച നിധിയോട് സദൃശം; അതു ഒരു മനുഷ്യൻ കണ്ടു മറെച്ചിട്ടു. തന്റെ സന്തോഷത്താൽ ചെന്ന് തനിക്കുള്ളത് ഒക്കെയും വിറ്റു അതു വാങ്ങി."**

**വാക്യം 44. സ്വർഗരാജ്യത്തെ കുറിച്ച്** യേശു മൂന്നു ഉപമകൾ കൂടെ പറഞ്ഞു (13:44-50). ഈ ആദ്യത്തെ ഉപമയിൽ, രാജ്യത്തെ **ഒരു മനുഷ്യൻ വയലിൽ മറെച്ചു വെച്ച നിധിയോടു** സാദൃശപ്പെടുത്തിയാണ് പറഞ്ഞത്, അക്കാലത്ത്, ആളുകൾ തങ്ങളുടെ വിലയുള്ള നിധികൾ മണ്ണിനടിയിലാണ് കുഴിച്ചിട്ടിരുന്നത് (25:25). "ഇങ്ങനെ ചെയ്യുന്നത്, പ്രക്ഷോഭവും പ്രതിസന്ധിയും നേരിടുമ്പോഴാണ്."[12] ഒന്നാം നൂറ്റാണ്ടിൽ, പാലസ്തീനിൽ, പടയാളികളിലെ കുറ്റവാസനയുള്ളവരും, വിപ്ലവകാരികളും സ്വത്തുക്കൾ കവർന്നെടുക്കുന്നത് ഭയന്ന് അവർ തങ്ങളുടെ സമ്പാദ്യങ്ങൾ മണ്ണിനടിയിൽ മറെച്ചിടുമായിരുന്നു. ഖുമ്റാൻ കണ്ടുപിടിത്തങ്ങൾ ഇതിനെ ചിത്രീകരിച്ചിരിക്കുന്നു.[13] ഖുമ്റാനിൽ കണ്ട ചെമ്പു ചുരുളുകളിൽ, പാലസ്തീനിലെ നിധികൾ ആയ പൊന്ന്, വെള്ളി, സുഗന്ധ ദ്രവ്യങ്ങൾ എന്നിവ മറെച്ചു വെച്ചിരുന്ന അറുപത്തി - നാല് സ്ഥാനങ്ങളെ പറ്റി പറയുന്നു.

ഈ ഉപമയിലെ മനുഷ്യൻ ആ നിധിയിൽ എത്തിയതെങ്ങനെ എന്നു യേശു പറയുന്നില്ല. അയാൾ നിധി അന്വേഷിക്കുന്നവനെന്ന സൂചന ഇല്ലാത്തതിനാൽ, അയാൾ ആ നിധി യാദൃശ്ചികമായി കണ്ടെത്തിയതായിരിക്കാം. അതിനു **ശേഷം** മറ്റാരും [അത്] കാണാതിരിക്കുവാൻ അതിനെ മറെച്ചി [ട്ടു]. അവൻ തിരികെ ചെന്ന് **സന്തോഷത്തോടെ** ആ നിലം **വാങ്ങി**.

ഒറ്റ നോട്ടത്തിൽ, ആത്മിയ പാഠം പഠിപ്പിക്കുവാൻ ഒരു അന്യായ പരിശീലനത്തെ യേശു എടുത്തു കാണിച്ചിരിക്കുന്നു എന്നു തോന്നിയേക്കാം (ലൂക്കൊ 16:1-9 നോക്കുക). ഒരാൾ അത്തരത്തിലുള്ള ഒരു നിഗമനത്തിലെത്തുന്നതിനു മുൻപ് മൂന്നു പോയിന്റുകൾ ശ്രദ്ധിക്കണം: ഒന്ന്, ആ നിലം വാങ്ങുവാൻ ലഭ്യമായിരുന്നു. അതിന്റെ ആദ്യത്തെ ഉടമസ്ഥൻ അവിടെ താമസിച്ചിരുന്നില്ല, നിധിയുടെ കാര്യം അയാൾ മറന്നുപോയിരിക്കാം.[14] രണ്ട്, നിധി കണ്ടയാൾ നിയമപരമായി നിലവും അതിലുള്ളതെല്ലാം വിലെക്കു വാങ്ങുകയായിരുന്നു. ആ വിലെക്ക് വാങ്ങിയതിൽ ഉൾപ്പെട്ടിരുന്നതിനെ കുറിച്ച് പിന്നീടുവന്ന റബ്ബിമാർ തർക്കിച്ചിരുന്നു. ഉടമസ്ഥൻ വസ്തു വിൽക്കുമ്പോൾ, "അതിലുള്ളതെല്ലാം" ഉൾപ്പെടുത്തിയാണ് വിൽക്കുവാൻ സമ്മതിക്കുന്നത്.[15] ആ വസ്തുതയിൽ, മൂന്നാമതായി പരിഗണിക്കാവുന്നത്, വാങ്ങുന്ന ആൾ ന്യായമുള്ളവനായിരുന്നു എന്നതാണ്. അല്ലെങ്കിൽ, നിധി കണ്ടയുടനെ അയാൾക്ക് അത് എടുത്തു പൊയ്ക്കളയാമായിരുന്നു. പകരം, നിലം നിയമപരമായി അയാളുടേതാകുമ്പോൾ, നിധിയും അയാൾക്ക് അവകാശപ്പെട്ടതായി തീരുന്നു.[16]

നാം ആ മനുഷ്യന്റെ ന്യായാന്യായങ്ങളെ കുറിച്ച് അമിതമായി ചിന്തിച്ച്

ഉപമയുടെ യഥാർത്ഥ അർത്ഥം നഷ്ടപ്പെടുത്തി കളയരുത്. സ്വർഗ രാജ്യത്തിന്റെ വിലയാണ് യേശു ഉപമയിൽ അർത്ഥമാക്കുന്ന മുഖ്യപോയിന്റ്. നിധി കണ്ടെത്തിയ നിലം വാങ്ങുവാൻ അയാൾക്ക് ഉണ്ടായിരുന്നതെല്ലാം അയാൾ നഷ്ടമാക്കി. ദൈവരാജ്യത്തിന്റെ മാഹാത്മ്യം മനസിലാക്കുന്ന ഏതൊരാളും രാജ്യത്തിൽ പ്രവേശിക്കുവാൻ അങ്ങനെ ചെയ്യും. ദൈവരാജ്യം സ്വന്തമാക്കുവാൻ വിട്ടുകളയുന്നതിനൊന്നും അത്ര വലിയ വിലയുള്ളതായിരിക്കുകയില്ല (6:33; ലൂക്കൊ. 18:28-30; ഫിലി. 3:8, 9)

**വിലയേറിയ മുത്ത് (13:45, 46)**

**45"പിന്നെയും സ്വർഗ രാജ്യം നല്ല മുത്ത് അന്വേഷിക്കുന്ന ഒരു വ്യാപാരിയോട് സദൃശം. 46അവൻ വിലയേറിയ ഒരു മുത്ത് കണ്ടെത്തിയാറെ ചെന്നു തനിക്കുള്ളതൊക്കെയും വിറ്റു അത് വാങ്ങി."**

**വാക്യങ്ങൾ 45, 46.** അടുത്തത്, യേശു **സ്വർഗരാജ്യത്തെ വിലയേറിയ മുത്ത് അന്വേഷിക്കുന്ന വ്യാപാരിയോട്** സാദൃശപ്പെടുത്തുന്നു. "നല്ല മുത്തുകൾ" ബൈബിൾ കാലത്ത് ഏറ്റവും വിലയേറിയ രത്നങ്ങളായിരുന്നു (ഇയ്യോ. 28:18; മത്താ. 7:6; 1 തിമൊ. 2:9; വെളി. 17:4; 18:11, 12, 16, 17; 21:21).[17] ചെങ്കടലിൽനിന്നും പേർഷ്യൻ ഗൾഫിൽനിന്നും മുങ്ങൽ വിദഗ്ദ്ധർ മുങ്ങിയെടുക്കുന്ന കക്കക്കുള്ളിൽ നിന്നാണ് അതെടുത്തിരുന്നത്. ഈ സംഭവത്തിലെ "വ്യാപാരി" (*എംപോറോസ്*) ചില്ലറ "വ്യാപാരിയിൽ" നിന്നു (*കപെലോസ്*) വ്യത്യസ്തമായി, ഒരു "മൊത്ത വ്യാപാരി"[18] ആയിരുന്നു. അയാളുടെ വ്യാപാരത്തിനു ദീർഘദൂരം അയാൾക്ക് യാത്ര ചെയ്യേണ്ടതായി വരും. അന്വേഷിച്ചു കണ്ടെത്തുകയും പിന്നെ അതു മറ്റൊരാൾക്ക് വിൽക്കുകയും വേണം. അങ്ങനെ അയാൾ വിലയേറിയ ഒരു മുത്ത് കണ്ടെത്തുന്നു. **തനിക്കുണ്ടായിരുന്നതെല്ലാം** വിറ്റ് അതു വാങ്ങുവാൻ **തക്ക വിലയുള്ളതായിരുന്നു** അത്.

മുമ്പിലത്തെ ഉപമയിലെന്ന പോലെ (13:44), ഈ ഉപമയും കർത്താവിന്റെ രാജ്യത്തിന്റെ ഉയർന്ന മൂല്യത്തെയാണ് പഠിപ്പിക്കുന്നത്. രണ്ടു ഉപമയും തമ്മിലുള്ള വ്യത്യാസം എന്തെന്നാൽ, ആദ്യ ഉപമയിലെ ആൾ യാദൃശ്ചികമായാണ് നിധി കണ്ടെത്തിയത്, എന്നാൽ അതിനു വേണ്ടി അന്വേഷിക്കുന്നില്ല. അവന് നിധി കണ്ടെത്തിയപ്പോൾ ആശ്ചര്യമാണ് ഉണ്ടായത്. രണ്ടാമത്തെയാൾ വിലയേറിയ മുത്ത് (രാജ്യം) അന്വേഷിച്ചു, പക്ഷെ കണ്ടെത്തിയപ്പോൾ, അയാൾക്ക് ആശ്ചര്യമുണ്ടായില്ല. എങ്കിലും, അയാൾക്ക് സന്തോഷമനുഭവപ്പെട്ടു. രണ്ടു ഉപമയിലെ ആളുകൾ തമ്മിലുള്ള യോജിപ്പ് എന്തെന്നാൽ, അവർ രണ്ടുപേരും ദൈവരാജ്യം എന്ന വലിയ നിധി വാങ്ങുവാൻ വലിയ ത്യാഗം അനുഭവിക്കുന്നു.

**വല (13:47-50)**

**47"പിന്നെയും സ്വർഗരാജ്യം കടലിൽ ഇടുന്നതും എല്ലാവിധ മീനും പിടിക്കുന്നതുമായോരു വലയോട് സാദൃശം; 48നിറഞ്ഞപ്പോൾ അവർ അത് വലിച്ചു കരെക്കു കയറ്റി ഇരുന്നുകൊണ്ട് നല്ലതു പാത്രങ്ങളിൽ കൂട്ടിവെച്ചു; ചീത്ത എറിഞ്ഞു കളഞ്ഞു. 49അങ്ങനെ തന്നെ ലോകാവസാനത്തിൽ സംഭവിക്കും; ദൂതന്മാർ പുറപ്പെട്ട് നീതിമാന്മാരുടെ ഇടയിൽനിന്നു ദുഷ്ടന്മാരെ**

**വേർതിരിച്ചു തീച്ചൂളയിൽ ഇട്ടുകളയും. [50]അവിടെ കരച്ചലും പല്ലുകടിയും ഉണ്ടാകും."**

**വാക്യങ്ങൾ 47, 48. രാജ്യത്തിന്റെ** മൂന്നാമത്തെ ഉപമയിൽ (13:44-50), **കടലിൽ വലയിടുന്നതും** ഉൾപ്പെടുന്നു. "വല" എന്നതിന്റെ ഗ്രീക്ക് വാക്കിൽ (*സജെനെ*) നിന്നാണ്, ഇംഗ്ലീഷിലെ "സെയിൻ" എന്നതു രൂപപ്പെട്ടത്, അർത്ഥം അടിയിൽ ഘനമുള്ളതും മുകളിൽ ഘനം കുറഞ്ഞതുമായ മീൻ പിടിക്കുന്ന വല എന്നാണ്. അത് രണ്ടു പടകുകൾ തമ്മിലോ അല്ലെങ്കിൽ പടകും കരയുമായോ ബന്ധിപ്പിച്ചിരിക്കും. ആയിരക്കണക്കിനു മീൻ പിടിക്കുവാൻ കഴിയുന്ന വലയായിരുന്നു അത്.

ഉപമയിൽ, വലയിട്ടിട്ടു വലിച്ചുകയറ്റുമ്പോൾ, അതിൽ **എല്ലാ തരത്തിലുമുള്ള മീനുകൾ** കാണും; വല കരക്ക് വലിച്ചു കയറ്റി, നല്ലതു പാത്രങ്ങളിൽ കൂട്ടുകയും **മോശമായത്** എറിഞ്ഞു കളയുകയും ചെയ്യും. "ചീത്ത" (*സാപ്രോസ്*) എന്നതിന്റെ അക്ഷരികമായ അർത്ഥം, "കേടു വന്ന" "മോശമായ" എന്നാണ്. എങ്ങനെയായാലും, ആലങ്കാരികമായി അതിനു, "മോശമായ," "ദുഷിച്ച," അല്ലെങ്കിൽ "ഉപയോഗ ശൂന്യമായ"[19] എന്നെല്ലാം പറയാം. അത് ആദ്യം പിടിക്കുന്നതാകയാൽ, മീൻ "ചീത്തയോ" "കേടുവന്നതോ" ആകുവാനിടയില്ല, പകരം യെഹൂദന്മാർ ഭക്ഷിക്കരുതെന്ന് വിലക്കിയിരിക്കുന്ന മീനുകൾ ആയിരിക്കാം. ആ അശുദ്ധമായ മീനുകൾക്ക് ചിറകുകളോ ചിതമ്പലോ കാണുകയില്ല (ലേവ്യ. 11:10, 11) അവ ശുദ്ധമായ മീനുകളിൽനിന്നു എളുപ്പത്തിൽ വേർതിരിക്കാവുന്നതായിരുന്നു. ക്രെയിഗ് എസ്. കീനർ എഴുതി, "ഗലീലാ തടാകത്തിൽ, ഏകദേശം ഇരുപത്തി - നാല് തരം മൽസ്യങ്ങളാണുണ്ടായിരുന്നത്, അവയിൽ ഭക്ഷ്യയോഗ്യമല്ലാത്തതും, അശുദ്ധമായവയുമുണ്ടായിരുന്നു, വലയിൽ അതു വേർതിരിച്ചുപിടിക്കുക അസാധ്യമായിരുന്നു."[20] ചീത്ത മൽസ്യത്തിന് വിലയില്ല; അതുകൊണ്ട് മുക്കുവന്മാർ അതു എറിഞ്ഞു കളയും. എങ്ങനെയായാലും, നല്ലതെല്ലാം ചന്തയിൽ കൊണ്ടുപോയി വിൽക്കും.

**വാക്യങ്ങൾ 49, 50**˙ കളകളുടെ ഉപമ പോലെ, ഇതും **ലോകാവസാനം** നടക്കുവാനിരിക്കുന്ന ന്യായവിധിയെ ആണ് സൂചിപ്പിക്കുന്നത് (13:40 നോക്കുക). ഒരിക്കൽ കൂടെ **നീതിമാന്മാരെയും ദുഷ്ടന്മാരെയും** വേർതിരിക്കുന്നത് **ദൂതന്മാരാണ്** (13:41 നോക്കുക). ദുഷ്ടന്മാർക്കുള്ള ശിക്ഷയാണ് ഇവിടെ പറഞ്ഞിരിക്കുന്നത്. ദൂതന്മാർ **അവരെ തീച്ചൂളയിലേക്ക് എറിയും, അവിടെ കരച്ചലും പല്ലുകടിയും ഉണ്ടാകും** (13:42 നോക്കുക). രാജ്യത്തിലെ നീതിമാന്മാരായ പൗരന്മാർ ആരെന്നും അവിശ്വസ്തരായ പൗരന്മാർ ആരെന്നും ന്യായവിധി ദിവസം വെളിപ്പെടും.

## വീട്ടുടയവന്റെ ഉപമ
## (13:51, 52)

**[51]"ഇതെല്ലാം ഗ്രഹിച്ചുവോ?" എന്നതിന്നു അവർ "ഉവ്വ്" എന്നു പറഞ്ഞു. [52]അവൻ അവരോട്, "സ്വർഗരാജ്യത്തിന്നു ശിഷ്യനായി തീർന്ന ഏതു ശാസ്ത്രിയും, തന്റെ നിക്ഷേപത്തിൽനിന്നു പുതിയതും പഴയതും എടുത്തു കൊടുക്കുന്ന ഒരു വീട്ടുടയവനോട് സദൃശനാകുന്നു എന്നു പറഞ്ഞു."**

ദൈവരാജ്യത്തിലുള്ളവർ എങ്ങനെ മറ്റുള്ളവരെ ഉപദേശിപ്പാൻ പ്രാപ്

തരാകും എന്നതായിരിക്കാം ഈ അവസാന ഉപമയിൽ പറയുന്നത് എന്നു തോന്നുന്നു. പിന്നീട് അവർ സുവിശേഷം വ്യാപിപ്പിക്കുവാനായി പോകുമ്പോൾ, യേശു അവരോട് ഉപദേശിച്ചതെല്ലാം ഓരോന്നായി അവർ തിരഞ്ഞെടുക്കേണ്ടിയിരിക്കുന്നു.

**വാക്യം 51.** ചിലത് കേൾക്കുക എന്നതു മനസിലാക്കുന്നതിൽനിന്നു വ്യത്യസ്തമാണ്. ഒരാൾക്ക് ഒരു പ്രസംഗം മുഴുവൻ കേട്ട് ഏതാണ്ട് പദാനുപദമായി ആവർത്തിക്കുവാനും കഴിഞ്ഞേക്കാം, പറഞ്ഞതിന്റെ അർത്ഥം മനസിലാക്കുവാൻ കഴിഞ്ഞെന്നു വരികയില്ല. യേശു തങ്ങളെ പഠിപ്പിച്ച **കാര്യങ്ങളെല്ലാം** യോജിപ്പിച്ചു ശിഷ്യന്മാർ മനസിലാക്കുവാൻ ശ്രമിച്ചു. തങ്ങളുടെ യജമാനന്റെ ചോദ്യത്തിനു അവർ നൽകിയ ഉറച്ച ഉത്തരം വ്യക്തമാക്കുന്നത്, അവർക്ക് അവ ഗ്രഹിക്കുവാൻ കഴിഞ്ഞു എന്നാണ്.

**വാക്യം 52.** ഈ അദ്ധ്യായത്തിലെ ഉപമ അവസാനിപ്പിക്കുന്ന വാക്യമാണ് ഇത്, അതിന്റെ ചുരുങ്ങിയ അർത്ഥം നമ്മെ വെല്ലുവിളിക്കുന്നതുമാണ്. **സ്വർഗരാജ്യത്തിൽ ശിഷ്യന്മാരായി തീരുന്ന ഓരോ ശാസ്ത്രിയേയും കുറിച്ചാണ് യേശു** അർത്ഥമാക്കിയത്. പഴയ നിയമം പകർത്തി എഴുതിയ ആളായിരുന്നു ഒരു "ശാസ്ത്രി." ആ പ്രവൃത്തി മാത്രം അയാളെ തിരുവെഴുത്ത് അറിവുള്ളവരാക്കും. അതിലുപരിയായി "ശിഷ്യൻ" ആയി തീരുമ്പോൾ, ശാസ്ത്രിക്ക് യേശുവിനെ കുറിച്ചുള്ള ഉപദേശവും അറിയുവാൻ കഴിയുന്നു (8:19; പ്രവൃ. 4:13 നോക്കുക). ആ വ്യക്തിയെ, **തന്റെ നിക്ഷേപത്തിൽനിന്നു പുതിയതും പഴയതും എടുത്തു കൊടുക്കുന്ന വീട്ടുടയവനോട്** കർത്താവ് സാദൃശപ്പെടുത്തിയിരിക്കുകയാണ്. "നിക്ഷേപം" എന്നതിന്റെ ഗ്രീക്ക് വാക്ക് (*തെസൗറോസ്*) അല്ലെങ്കിൽ അതു സൂക്ഷിച്ച പാത്രം എന്നാണ്, അത് "നിധി കുംഭം" അല്ലെങ്കിൽ "നിധി സൂക്ഷിപ്പുസ്ഥലം" ആണ് (2:11; 6:19; 12:35 നോക്കുക). നിക്ഷേപത്തിലെ "പഴയത്" പ്രതിനിധീകരിക്കുന്നത് പഴയനിയമത്തിലെ സത്യങ്ങളാണ്, എന്നാൽ നിക്ഷേപത്തിലെ "പുതിയത്" സൂചിപ്പിക്കുന്നത്, യേശുവിന്റെ പുതിയ ഉപദേശങ്ങളെയാണ്.

## പാഠങ്ങൾ

### സുവിശേഷത്തിലെ പുളിപ്പ് (13:33)

വിശദീകരണം കൂടാതെയാണ് പുളിച്ച മാവിന്റെ ഉപമ യേശു പറഞ്ഞത്, എന്നാൽ പുളിച്ച മാവിന്റെ സ്വഭാവം വിശദീകരണം കൂടാതെ നമുക്ക് മനസിലാക്കുവാൻ കഴിയും.

1. *പുളിപ്പ് മാവിനുള്ളിൽനിന്നു പുറത്തേക്കാണ് പ്രവർത്തിക്കുന്നത്.* അതുപോലെ, ക്രിസ്തുവിന്റെ ആത്മാവ് ഹൃദയത്തിൽനിന്നാണ് പ്രവർത്തിക്കുന്നത്. ഇന്നു നമ്മുടെ ഹൃദയത്തിൽ വസിക്കുന്ന അതേ ആത്മാവാണ് ആദ്യ ക്രിസ്ത്യാനികളുടെ ഉള്ളിൽ പ്രവർത്തിച്ച് ലോകമെങ്ങും പോയി സുവിശേഷം പ്രസംഗിക്കുവാൻ പോയത്. ആത്മാർത്ഥതയുള്ള ആളുകളുടെ ഹൃദയത്തിൽ പതിഞ്ഞ സുവിശേഷം അവരുടെ ജീവിതത്തെ രൂപാന്തരപ്പെടുത്തും.

2. *പുളിച്ച മാവിന്റെ പ്രവർത്തന നടപടി ക്രമേണയുള്ളതാണ്.* ഒരു ഹൃദയത്തിൽനിന്നു മറ്റൊന്നിലേക്ക് നിറഞ്ഞുകവിയുന്നതാണ് ഓരോ ക്രിസ്ത്യാനിയുടേയും ജീവിതത്തിലെ സുവിശേഷ പുളിപ്പ്. സുവിശേഷം യാദൃശ്ചികമായി ഒരാളിൽ സ്ഫോടനമുണ്ടാക്കുകയില്ല, മറിച്ച്, അത് ക്രമേണ സ്ഥിരമായി പ്ര

വർത്തിക്കുകയാണ്.

3. *മാവിൽ യാദൃശ്ചികമായിട്ടല്ല പുളിപ്പ് പ്രവർത്തിക്കുന്നത്*; അത് ചേർക്കേണ്ടതാണ്.മനുഷ്യരിൽ നിന്നുത്ഭവിച്ചതല്ല സുവിശേഷത്തിലെ പുളിപ്പ്, എന്നാൽ അതു പാപത്തിനുള്ള ദൈവികമായ പ്രതിവിധി ആണ് (യാക്കൊ 1:21). ക്രിസ്ത്യാനികൾ ലോകമെങ്ങും സുവിശേഷം എത്തിക്കണം (28:18-20). മാവിൽ പുളിപ്പ് പ്രവർത്തിക്കുന്നതുപോലെ, സുവിശേഷം ഉടനെ ഹൃദയത്തിൽ പ്രവർത്തിച്ചു തുടങ്ങുന്നു.

4. *ഉപമയിലെ പുളിപ്പ് ഒരു സ്ഥലത്തു മാത്രം ഒതുങ്ങി നിൽക്കുന്നില്ല*. അതു മൂന്നു ഗാലൻ മാവിലാണ് പ്രവർത്തിച്ചത്. ഇതേ തത്വമാണ് സുവിശേഷ പ്രചരണത്തിലും നടക്കുന്നത്: ഓരോ സമൂഹത്തിലും ഇടവകകൾ ആരംഭിച്ചാൽ, ദൈവത്തിന്റെ രക്ഷാസന്ദേശം കൂടുതൽ ആളുകളിലെത്തും.

## രാജ്യത്തിന്റെ വില (13:44-46)

യേശു 13:44-46-ൽ നൽകിയ രണ്ടു ഉപമകൾ സ്വർഗരാജ്യത്തിന്റെ വിലയാണ് കാണിക്കുന്നത്. എന്തുകൊണ്ട് നമുക്ക് അങ്ങനെയുള്ള പാഠം ആവശ്യമാണ്? ഇതാ ചില കാരണങ്ങൾ:

1. *അതിന്റെ മൂല്യം നിർണ്ണയിക്കുന്നത് അതിന്റെ വിലയാണ്.* സ്ഥാപനങ്ങളിൽ വെച്ച് ഏറ്റവും വിലയേറിയതാണ് രാജ്യം, അല്ലെങ്കിൽ സഭ. അതിന്റെ സ്ഥാപനത്തിന് ക്രിസ്തുവിന്റെ വിലയേറിയ രക്തം ആവശ്യമായി വന്നു (1 പത്രൊ 1:18, 19).

2. *അതിന്റെ പ്രയോജനം അനുസരിച്ചാണ് അതിന്റെ വില കാണിച്ചിരിക്കുന്നത്*. നാം മറ്റുള്ള കാര്യങ്ങളെ കണക്കാക്കുന്ന വിധത്തിൽ, നമ്മോടു തന്നെ ചോദിക്കണം, "സഭയിലായി തീരുന്നവർക്ക് എന്തു പ്രയോജനമാണ് ലഭിക്കുന്നത്?"

3. *അത് ആരുടേതാണ് എന്നു നോക്കിയാണ് വില നിർണ്ണയിക്കുന്നത്*. സഭ ക്രിസ്തുവിന്റേതാണ്. അവൻ അതു പണിയുമെന്ന് വാഗ്ദാനം ചെയ്യുകയും (16:18, 19), അവസാന നാളിൽ അതിനെ പിതാവിന് ഏൽപിച്ചുകൊടുക്കയും ചെയ്യും (1 കൊ. 15:24).

4. *അതിന്റെ ദൗത്യത്താലാണ് വില കാണിച്ചിരിക്കുന്നത്.* സഭയുടെ ദൗത്യം ലോകത്തോട് സുവിശേഷം അറിയിക്കുകയും, നിത്യരക്ഷക്കായി മറ്റുള്ളവരെ ക്രിസ്തുവിലേക്ക് കൊണ്ടുവരികയുമാണ്.

5. *അതിന്റെ ഭാവിയാലുമാണ് അതിന്റെ വില കണക്കാക്കുന്നത്.* വിശ്വസ്തരായ സഭാംഗങ്ങളെ ക്രിസ്തുവിൽ കൊണ്ടുവരികയും, അവർ ക്രിസ്തുവിനോടുകൂടെ ഭരിക്കുകയും ന്യായം വിധിക്കയും ചെയ്യും (1 കൊ. 6:2; എഫെ. 5:26, 27). സഭയിൽനിന്നു പിന്തിരിയുന്നവർ നിത്യതയിൽ ദൈവസാന്നിധ്യത്തിൽനിന്നകന്നു പോകും (2 തെസ്സ. 1:9; 1 പത്രൊ. 4:17).

## ഒളിച്ചുവെച്ച നിധിയുടെ ഉപമ (13:44)

നമ്മെ മൂന്നു പാഠം പഠിപ്പിക്കുന്നതാണ് മറെച്ചുവെച്ച നിധിയുടെ ഉപമ.[21]

1. *നിധി.* സ്വർഗ രാജ്യമാണ് ഏറ്റവും വലിയ നിധി. ഒരാളുടെ സമ്പാദ്യങ്ങളും ഊർജ്ജവും അതിനു വിലയുണ്ട്. അതിന്റെ വിലയോട് താരതമ്യം ചെയ്യാവുന്ന മറ്റൊന്നില്ല.

2. *ത്യാഗം.* മറെച്ചുവെച്ച നിധി കണ്ട ഉടനെ, അതു നേടിയെടുക്കുവാൻ

തനിക്കുണ്ടായിരുന്നതെല്ലാം അയാൾ വിട്ടുകളഞ്ഞു. രാജ്യത്തിലെ പൗരനാകുവാൻ, ഒരാൾ ത്യാഗം അനുഷ്ഠിക്കുവാൻ തയ്യാറാകണം. ശിഷ്യത്വത്തിന് സ്വയം - ത്യജിക്കൽ അനിവാര്യമാണ് (16:24).

3. *സന്തോഷം.* നിക്ഷേപങ്ങളുടെ ഇല്ലാതാകുന്ന മൂല്യം നിമിത്തം, തനിക്കുള്ളതെല്ലാം ആ മനുഷ്യൻ വിൽക്കുവാൻ തയ്യാറായി. ക്രിസ്തുവിന്റെ വലിയ നിധിയേയും, അവന്റെ രാജ്യത്തെയും അറിഞ്ഞാൽ ശിഷ്യത്വത്തിന്റെ ത്യാഗത്തെ ഓർത്ത് അനുതപിക്കുകയില്ല. പകരം, രാജ്യത്തിൽ പങ്കുകാരായതുകൊണ്ട്, അവർ അത്യന്തം സന്തോഷിക്കും.

ഡേവിഡ് സ്റ്റുവർട്ട്

---

കുറിപ്പുകൾ

[1]എഫ് എൻ. ഹെപ്പെർ, ''പ്ലാന്റ്സ്,'' ഇൻ ന്യു ബൈബിൾ ഡിക്ഷ്ണറി, 2ൻഡ്., എഡി., എഡ്. ജെയഡി.. ഡഗ്ലസ് ആന്റ് നോർമാൻ ഹില്ലെർ (വീറ്റൺ, Ill.: ടിൻഡേൽ ഹൗസ് പബ്ളിഷേഴ്സ്, 1982), 948. [2]മിഷ്നാ *ടൊഹോരോത്ത്* 8.8; *നിദാ* 5.2 നോക്കുക. [3]താൽമൂദ് *കെടുബോത്ത്* 111ബി. [4]ഡബ്ലിയു. എഫ്. ആൾബ്രൈറ്റ് ആന്റ് സി എസ്. മാൻ, *മാത്യു*, ദ ആങ്കർ ബൈബിൾ (ഗാർഡൻ സിറ്റി, എൻ.വൈ.: ഡബിൾഡേ ആന്റ് കമ്പനി., 1971), 169. [5]*ഏനോക്* 90.30, 33, 37. [6]നോക്കുക ലിയോൺ മോറിസ്, *ദ ഗോസ്പെൽ എക്കോർഡിങ് ടു മാത്യു,* പില്ലർ കമെന്ററി (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1992), 353. [7]ക്രെയിഗ് എസ്. കീനർ, ദ ഐവിപി ബൈബിൾ ബാക്ഗ്രൗണ്ട് കമെന്ററി (ഡൗണേഴ്സ് ഗ്രോവ്, Ill.: ഇന്റർ വാഴ്സിറ്റി പ്രസ്, 1993), 84. [8]ചില പുരാതന കയ്യെഴുത്തു പ്രതികളിൽ പ്രത്യേകമായി പറയുന്നത് പ്രവാചകൻ "യെശയ്യാവ്'' ആണെന്നാണ്. പക്ഷെ അത് തീർച്ചയായും തെറ്റാണ്. ബ്രൂസ് എം മെറ്റ്സ്ജെറുടെ ചർച്ച നോക്കുക. *എ ടെക്സ്ചൽ കമെന്ററി ഓൺ ദ ഗ്രീക്ക് ന്യുടെസ്റ്റമെന്റ്*, 2ൻഡ് എഡി (സ്റ്റട്ട്ഗാർട്ട്: ജെർമ്മൻ ബൈബിൾ സ്വസൈറ്റി, 1994), 27. [9]പ്രവൃത്തികൾ 2:29, 30-ൽ സങ്കീർത്തനക്കാരൻ ദാവീദിനെയും "പ്രവാചകൻ" എന്നു പറഞ്ഞിരിക്കുന്നു. [10]എഡി ക്ലോയെർ, *സങ്കീർത്തനങ്ങൾ* 51-89, ട്രൂത്ത് ഫോർ ടുഡെ കമെന്ററി (സിയേഴ്സി ആർക്ക്.: റിസോഴ്സ് പബ്ലിക്കേഷൻസ്, 2006), 484.

[11]"ഓഫ് ദ വേൾഡ്" എന്ന് ചില കയ്യെഴുത്തുപ്രതികളിലില്ല (മെറ്റ്സ്ജർ 28). [12]ആൾബ്രൈറ്റ് ആന്റ് മാൻ, 170. [13]ഡേവിഡ് ഹിൽ, ദ *ഗോസ്പെൽ ഓഫ് മാത്യു,* ദ ന്യു സെഞ്ചുറി ബൈബിൾ കമെന്ററി (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി., 1972), 238. [14]ജെ. ഡബ്ലിയു. മെക്ഗാർവേ, *ദ ന്യുടെസ്റ്റമെന്റ് കമെന്ററി, വാല്യം. 1, മാത്യു ആന്റ് മാർക്ക്* (എൻ.പി., 1875; റീപ്രിന്റ്, ഡിലൈറ്റ് ആർക്ക്.: ഗോസ്പെൽ ലൈറ്റ് പബ്ലിഷിങ് കമ്പനി., എൻ. ഡി.), 124. [15]മിഷ്നാ *ബാ ബാത്റാ* 4.8, 9. [16]കണ്ടെത്തുന്നയാൾക്ക് എന്തെല്ലാം മറെച്ചു വെക്കുവാൻ കഴിയുമെന്ന കാര്യത്തിൽ റബ്ബിമാർ വാദിച്ചിരുന്നു. (താൽമൂദ് ബാബാ *മെറ്റ്സിയ* 25ഏ; ജെറുശലേം താൽമൂദ് *ബാബാ മെറ്റിസി* 2.5.) [17]ആൾബ്രൈറ്റ് ആന്റ് മാൻ 170. [18]വാൾട്ടർ ബാവെർ, *ഏ ഗ്രീക്ക് ഇംഗ്ലീഷ് ലെക്സിക്കൻ ഓഫ് ദ ന്യുടെസ്റ്റമെന്റ് ആന്റ് അദർ ഏർലി ക്രിസ്ത്യൻ ലിറ്ററേച്ചർ*, 3 ഡ്., റെവ. ആന്റ് എഡി. ഫ്രെഡറിക് ഡബ്ലിയു. ഡാങ്കർ (ഷിക്കാഗോ: യൂണിവേഴ്സിറ്റി ഓഫ് ഷിക്കാഗോ പ്രസ്, 2000), 325. [19]ഇബിഡ്., 913. [20]കീനെർ, *മാത്യു*, 392.

[21]എടുത്തിരിക്കുന്നത് നീൽ ആർ, ലൈറ്റ്ഫുട്ട്, *ലെസൻസ് ഫ്രം ദ പാരബിൾസ്* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1965), 40-41.